

# മേളം

എ.യു.പി. സ്കൂൾ ചൂലൂർ

വാർഷികാഘോഷ പത്രിക 2020



# എഴുപതാം വയസ്സിലേക്ക് നമ്മുടെ വിദ്യാലയം

സാമൂഹ്യപുരോഗതിയുടെയും സാംസ്കാരിക വളർച്ചയുടെയും പ്രധാന സൂചികയാണ് ആ നാട്ടിലെ വിദ്യാലയം. ആയിരക്കണക്കിന് ആളുകൾക്ക് അറിവിന്റെ വെളിച്ചം പകർന്ന ചൂലൂർ എ.യു.പി. സ്കൂൾ എഴുപതാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്. വെറുമൊരു എഴുത്തുപള്ളിയെന്നോണം ആരംഭിച്ച നമ്മുടെ വിദ്യാലയം ഇന്ന് മികച്ച ഒരു പൊതുവിദ്യാലയമായി മാറിയിരിക്കുന്നു. 1951ൽ സ്ഥാപിച്ച ഈ വിദ്യാലയത്തിന്റെ മാനേജർ ശ്രീ എൻ.ടി. മാധവൻ നമ്പൂതിരിയായിരുന്നു. 1953ൽ വിദ്യാലയത്തിന് സ്ഥിരാംഗീകാരം ലഭിച്ചു. ദീർഘകാലം ചാത്തമംഗലം പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. പി.സി. ദാമോദരൻ നമ്പൂതിരി (പി.സി.ഡി) ഈ വിദ്യാലയത്തിന്റെ വളർച്ചക്ക് നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ശ്രീ. എൻ.ടി. മാധവൻ നമ്പൂതിരിയുടെ മരണശേഷം അദ്ദേഹത്തിന്റെ ധർമ്മപത്നി ശ്രീമതി സാവിത്രി അന്തർജ്ജനം വിദ്യാലയത്തിന്റെ മാനേജരായി.

സമീപ പ്രദേശങ്ങളിലെ അൺ എയ്ഡഡ് സ്കൂളുകളുടെ കുത്തൊഴുക്കിലും നിലവിലുള്ള ക്ലാസ്സുകൾ നഷ്ടപ്പെടാതെ നിലനിർത്താൻ കഴിയുന്നത്, അധ്യാപകർ, മറ്റുജീവനക്കാർ, മാനേജ്മെന്റ്, രക്ഷിതാക്കൾ, നാട്ടുകാർ എന്നിവരുടെ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഫലമാണ്. എൽ.കെ.ജി. മുതൽ 7-ാം തരം വരെയുള്ള ക്ലാസ്സുകളിലായി ഏകദേശം 200 ഓളം കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അഞ്ചുമുതൽ ഏഴുവരെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി. തുടങ്ങിയവയും ഇവിടെയുണ്ട്. പ്രത്യേക കംപ്യൂട്ടർ പരിശീലനം, ക്ലാസ് ലൈബ്രറികൾ, വാഹന സൗകര്യം, കരാട്ടെ ക്ലാസ് എന്നിവയും വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്.

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അറിയപ്പെടുന്ന സ്ഥാനമാണ് നമ്മുടെ വിദ്യാലയത്തിനുള്ളത്. നമ്മുടെ നാട്ടിലെ വിദഗ്ധ തൊഴിലാളികൾ, സാങ്കേതിക വിദഗ്ധർ, ഡോക്ടർമാർ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, കലാകാരന്മാർ, കച്ചവടക്കാർ, കർഷകർ തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച വ്യക്തികളെല്ലാം ഈ വിദ്യാലയത്തിന്റെ സൃഷ്ടികളാണ്.

ഒരു പൊതുവിദ്യാലയം എന്ന നിലയിൽ പല സന്ദർഭങ്ങളിലായി നിരവധി വേറിട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും അതുവഴി പല അംഗീകാരങ്ങൾ നേടാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഉപജില്ലയിലെ മികച്ച വിദ്യാലയം എന്ന സ്ഥാനത്തിന് നാം അർഹരായിട്ടുണ്ട്. മികച്ച സ്കൗട്ട് പ്രവർത്തനത്തിനും ഉപജില്ലാതല അംഗീകാരം ലഭിച്ചു. പ്രാദേശിക ചരിത്രപഠനത്തിനും അന്നത്തെ വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി പ്രകാശനം ചെയ്ത നാട്ടകം എന്ന പുസ്തകത്തിനും കേരള ചരിത്ര ഗവേഷണ വകുപ്പിന്റെ പ്രത്യേക ബഹുമതിയും പ്രശസ്തിപത്രവും ലഭിച്ചിട്ടുണ്ട്. മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ളതും പ്രവർത്തനാധിഷ്ഠിതവുമായ ദിനാചരണ പ്രവർത്തനങ്ങൾ, സ്പോർട്സ് കാർണിവൽ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിലുള്ള അംഗീകാരം ലഭിച്ചു. ഒരുവർഷം നീണ്ടു നിന്ന വിദ്യാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം വൈവിധ്യമാർന്ന പരിപാടികളെക്കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു.

കലാകായിക മത്സരങ്ങൾ, ശാസ്ത്രഗവേഷണങ്ങൾ എന്നിവയിൽ ഇപ്പോഴും നമ്മുടെ വിദ്യാലയത്തിന്റെ പേര് തെളിഞ്ഞുനിൽക്കുന്നുണ്ട്. വർഷങ്ങളായി വിദ്യാലയത്തിലേക്ക് പത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും നൽകിക്കൊണ്ടിരിക്കുന്ന ശ്രീ നെടിയിലാക്കൽ രാമചന്ദ്രൻ നായർ വിദ്യാലയത്തിന് വിശാലമായ ഒരു വായനശാല (അക്ഷരം) നിർമ്മിച്ചുനൽകിയ വിവരം ഈ അവസരത്തിൽ എല്ലാവരെയും അറിയിക്കട്ടെ. ഇതിന്റെ ഉദ്ഘാടനവും വാർഷികാഘോഷത്തോടനുബന്ധിച്ച് നടക്കുന്നു.

കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് മാതൃകയാവുന്ന വിധത്തിൽ വിദ്യാലയ വികസന പദ്ധതി തയ്യാറാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. ഉടനെ തന്നെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയായി.



കൈവരിച്ചിരിക്കുന്ന അംഗീകാരങ്ങളും സാക്ഷാത്കരിക്കാനിരിക്കുന്ന സ്വപ്നങ്ങളും സാധ്യമാവുന്നത് ഏതാനും ചില വ്യക്തികളുടെയോ അധ്യാപകരുടേയോ മാനേജരുടേയോ സ്വന്തമായ പരിശ്രമത്താലല്ല. നാടിന്റെ കൂട്ടായ്മയിലൂടെ മാത്രമേ ഇത് സാധ്യമാവൂ എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഇതെല്ലാം പറയുന്നത് നിലവിലുള്ള പരിമിതികളെയും പോരായ്മകളേയും മറച്ചുവെക്കാനല്ല. അവയെ ഉൾക്കൊണ്ടുകൊണ്ട്, പരിമിതികളെ മറികടന്നുകൊണ്ട് ഒരു നല്ല നാളെയിലേക്കുള്ള വഴിവെട്ടുന്നതിനാണ്. അതിനാവട്ടെ ഈ കൂട്ടായ്മ. അതാവട്ടെ നമ്മുടെ ലക്ഷ്യം.

## കൃഷ്ണൻ മാസ്റ്റർക്ക് യാത്രാമൊഴി



ജീവിതത്തിന്റെ കർമ്മകാണ്ഡം അധ്യാപനത്തിനായി സമർപ്പിച്ച ശ്രീ. എൻ.ടി. കൃഷ്ണൻ മാസ്റ്റർ 34 വർഷത്തെ സേവനത്തിന് ശേഷം നമ്മുടെ വിദ്യാലയത്തിൽ നിന്നും വിരമിക്കുകയാണ്. 28 വർഷം അധ്യാപകനായും 6 വർഷം പ്രധാനാധ്യാപകനായും സേവനമനുഷ്ഠിച്ചു. വിദ്യാലയത്തിന്റെ ഭരണ നിർവ്വഹണത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും അതീവ ശ്രദ്ധാലുവായിരുന്നു. സാമൂഹ്യബന്ധം ശക്തിപ്പെടുത്തുന്നതിലും ജനാധിപത്യപരമായ ഇടപെടലുകളിലും എൻ.ടി. കൃഷ്ണൻ മാസ്റ്റർ മാതൃകയാണ്. അദ്ദേഹത്തിന്റെ നിസ്തുല സേവനത്തിന് മുന്നിൽ സഹപ്രവർത്തകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും കൃതജ്ഞതയും കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ.

## കുസൃതിക്കുരുന്നുകൾ



**ഡോ. വി. പരമേശ്വരൻ (റിട്ട. സീനിയർ ലക്ചറർ, ഡയറ്റ്)**

''ഇന്നത്തെ കുട്ടികൾക്ക് അനുസരണയില്ല. അധ്യാപകരോടും മുതിർന്നവരോടും ബഹുമാനമില്ല. മൂല്യബോധം... അവകാശത്തെക്കുറിച്ച് മാത്രമേ അവർക്കറിയൂ.'' ആനുകാലിക ചർച്ചകളിലും നവമാധ്യമങ്ങളിലും ഇത്തരം പരാമർശങ്ങൾ ധാരാളം കാണാൻ കഴിയും. ഒരുവേള ശരിയെന്ന് ചിലരെങ്കിലും കരുതുന്ന ഇത്തരം ആശയങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ?

യഥാർത്ഥത്തിൽ നമ്മുടെ കുട്ടികൾ അനുസരണയില്ലാത്തവരാണോ? അല്ല.

കുട്ടികളുടെ അവകാശ നിയമം, ബാലാവകാശ നിയമം, വിദ്യാഭ്യാസ അവകാശ നിയമം, പോക്സോ തുടങ്ങിയ നിയമങ്ങൾ സമകാലിക സമൂഹത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ നിയമങ്ങൾ മുതിർന്നവരെ കുട്ടികളുടെ അടിമകളാക്കിയിരിക്കുന്നു എന്നാണ് അതിശയോക്തി.

ഏതൊരു നിയമവും ഉണ്ടാകുന്നത്, നിശ്ചിത മേഖലയിലെ ധാർമ്മികതയും നീതിബോധവും മനുഷ്യാവകാശവും നിരന്തരമായി ലംഘിക്കപ്പെടുമ്പോഴാണ്. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളും അങ്ങനെ തന്നെയാണ് രൂപപ്പെട്ടത്.

കുട്ടികളെ ശാരീരികമായി പീഡിപ്പിക്കുക എന്നത് സ്വാതന്ത്ര്യപൂർവ്വകാലങ്ങളിലെ നാട്ടുനടപ്പായിരുന്നു. സ്കൂളിൽ വരാതിരിക്കുന്ന കുട്ടിയെ തേടിപ്പിടിച്ച്, മരത്തിൽ തലകുത്തനെ കെട്ടിത്തൂക്കി താഴെ തീയിട്ട് പുകകൊള്ളിക്കുന്ന അനുഭവ കഥകൾ നാം വായിച്ചിട്ടുണ്ട്. അതിന്റെ പ്രതിഫലനമെന്നോണം 1930 കളിലെ പാഠപുസ്തകത്തിൽപോലും കുട്ടികളെ അടിച്ചുവളർത്തണം എന്നു സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ ഉണ്ടായിരുന്നു. ഉദാ: ''ലാളനം കൊണ്ടു ദോഷം താഡനം

*തുടരും..... പേജ് 2*



# വിദ്യാഭ്യാസം; ചില പുതുചിന്തകൾ

ഡോ: ഹരികൃഷ്ണൻ പി.



ഈ ലേഖനം എഴുതുന്ന വ്യക്തിയുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഈ വിദ്യാലയത്തിലാണ്. അറിവിന്റെ വിശകലന വിതരണ സമ്പാദനരീതികളെക്കുറിച്ചുള്ള അന്വേഷണവും നിരീക്ഷണവുമാണ് ഈ ലേഖനം.

വിദ്യാഭ്യാസമെന്നത് അറിവ് നിർമ്മാണ പ്രക്രിയയാണ്. എന്നാൽ ഇന്ന് ഇത് മെച്ചപ്പെട്ട തൊഴിലവസരങ്ങളുടെ ലഭ്യതയും അധികാര രൂപങ്ങളുടെ കയ്യാളലും, മൂലധന സമ്പാദനത്തിനുള്ള വ്യവസ്ഥയുമായി മാറിയിരിക്കുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി വന്ന സാർവത്രിക വിദ്യാഭ്യാസ സങ്കൽപ്പവും, സമ്പൂർണ്ണ സൗജന്യ വിദ്യാഭ്യാസ സങ്കൽപ്പവും, ജാതി മത വ്യവസ്ഥയ്ക്കെതിരെ നടന്ന സമരങ്ങളും വിദ്യാഭ്യാസ ചരിത്രത്തിന്റെ ഭാഗമാണ്. സ്കൂളിൽ പഠിക്കുക എന്നത് തൊഴിലാളി ആകാനോ സ്വാശ്രയശീലങ്ങൾ വളർത്തിയെടുക്കാനോ അല്ല, പൗരസമൂഹത്തിലേക്കുള്ള പ്രവേശന കവാടമായാണ് സാമൂഹ്യ പരിഷ്കർത്താക്കൾ കണ്ടത്.

ഈ നൂറ്റാണ്ടിലെ വിദ്യാഭ്യാസ സംവിധാനം സൃഷ്ടിച്ച പദമാണ് യോഗ്യത അല്ലെങ്കിൽ മെറിറ്റ് എന്നത്. പ്രവേശന പരീക്ഷകൾ, ഗ്രേഡിംഗ് സമ്പ്രദായം, പ്രൊഫഷണൽ സ്വഭാവമുള്ള വാണിജ്യ മാനേജ്മെന്റ് സാങ്കേതിക കോഴ്സുകൾ തുടങ്ങിയവയെല്ലാം ഈ യോഗ്യതയുള്ളവരുടെ സൃഷ്ടിയാണ്. എന്നാൽ യോഗ്യതയുടെ മാനദണ്ഡങ്ങൾ മൂർത്തവും അമൂർത്തവുമായ ജ്ഞാനത്തിന്റെ സമാഹരണം, നൈസർഗിക ഭാവന, സർഗ്ഗാത്മകത, പ്രയോഗനൈപുണി മുതലായവയല്ല മറിച്ച് ചില പ്രത്യേക ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിയുന്നുണ്ടോ എന്നതാണ്. അതുകൊണ്ടുതന്നെ ഇതിനുള്ള പരിശീലനക്കളരിയാണ് ഇന്ന് വിദ്യാലയങ്ങൾ. അവിടെ നടക്കുന്നത് പഠനമല്ല പരിശീലനമാണ്.

സത്യത്തിൽ ഇതുതന്നെയാണോ വിദ്യാഭ്യാസം? ആധുനിക വിദ്യാഭ്യാസരീതിയെ ഇത്തരത്തിൽ ചിട്ടപ്പെടുത്തിയത് പരീക്ഷകളാണ്. എൽ.കെ.ജി.ക്ക് മുമ്പേ തുടങ്ങുന്ന പ്രീ ടെസ്റ്റുകൾ, പോസ്റ്റ് ടെസ്റ്റുകൾ, പ്രവേശന പരീക്ഷകൾ, കലാകായിക രംഗത്തു നടക്കുന്ന മത്സരങ്ങൾ തുടങ്ങി ജനനം മുതൽ മരണം വരെ പരീക്ഷകളുടെയും പരിശോധോനകളുടേയും നടുവിലൂടെയാണ് മനുഷ്യൻ കടന്നുപോകുന്നത്. പരീക്ഷകൾ ജ്ഞാന സമ്പാദനം ഊർജ്ജിതമാക്കാൻ സഹായിക്കും എന്നാണ് കരുതുന്നത്. എന്നാൽ അങ്ങനെയല്ല സംഭവിക്കുന്നത്. കവി എഴുതിയതുപോലെ കട്ടിലിന് നീളം കുറവാണെങ്കിൽ സ്വന്തം കാലുമുറിക്കാൻ നാം നിർബന്ധിതരാവുകയാണ്. അതിൽനിന്ന് വ്യതിചലിക്കുന്നവരെ ശക്തമായി എതിർക്കാനുള്ള പൊതുബോധം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. എല്ലാ യോഗ്യതാ പരീക്ഷകളെയും ചുറ്റിപ്പറ്റി നാമിന്നു കാണുന്ന കോച്ചിംഗ് സെന്ററുകൾ ഇതിനുദാഹരണങ്ങളാണ്. ഇവിടെ മതം, ലൈംഗികത, സൗഹൃദം, പ്രണയം, രാഷ്ട്രീയം, കാഴ്ചകൾ, കേൾവികൾ, ഭാഷ തുടങ്ങിയവയെല്ലാം വിൽപ്പനച്ചരക്കുകളാവുന്നു. പൊതുവിദ്യാഭ്യാസം രക്ഷപ്പെടാൻ ഇത്തരത്തിലുള്ള പരിശീലന പ്രക്രിയകൾ അവിടെക്കൂടി നടപ്പാക്കുകയാണ് വേണ്ടതെന്നു വാദിക്കാൻ തുടങ്ങി എന്നതാണ് ഏറ്റവും വിഷമകരമായ വസ്തുത.

ഒരുകുട്ടി പ്രാഥമിക വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കേണ്ടത് സ്വന്തം ശരീരത്തേയും, പ്രകൃതിയേയും, സമൂഹത്തേയും കുറിച്ചുള്ള പ്രയോഗത്തിൽ അധിഷ്ഠിതമായ ധാരണകളും, സമൂഹവുമായി ക്രിയാത്മക ബന്ധങ്ങൾ സ്ഥാപിക്കാനുള്ള ശേഷികളുമാണ്. അതിന് എഴുത്തും വായനയും മാത്രം പോര. അവിടെ പാട്ടിനും, നൃത്തത്തിനും, ശാരീരിക ശുചിത്വത്തിനും ആരോഗ്യദായകമായ ഭക്ഷണരീതികൾക്കും, കളികൾക്കും, ആസ്വാദന ശേഷികൾക്കും കൃത്യമായ സ്ഥാനമുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അവസാന ഘട്ടങ്ങളിൽ തന്നെ വിദ്യാർത്ഥി പ്രത്യുൽപ്പാദന വ്യവസ്ഥകളെക്കുറിച്ചും, ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ചും അവബോധം നേടേണ്ടതുണ്ട്. ഇതിനെല്ലാം പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ തന്നെ ആകേണ്ടത് അത്യാവശ്യമാണ്. മാതൃഭാഷയിലേ ഒരു വ്യക്തിയുടെ പ്രാഥമിക ചിന്തകൾ രൂപപ്പെടൂ എന്നതുകൊണ്ടും, ഭാഷയുടെ വികസനം മസ്തിഷ്ക വികാസത്തിന് കാരണമാവുന്നു എന്നതുകൊണ്ടുമാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം പരിശീലന സമ്പ്രദായത്തിൽ നിന്നും പഠന സമ്പ്രദായത്തിലേക്ക് മാറേണ്ടതുണ്ട്. അറിവുകൾ നിർമ്മിക്കപ്പെടുന്ന ചോദ്യങ്ങൾ ചോദിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്ന ഒരു വിദ്യാലയമാണ് നമുക്കുവേണ്ടത്. പൊതു വിദ്യാലയങ്ങൾക്കേ ഈ മാറ്റത്തിന് ചുക്കാൻ പിടിക്കാൻ കഴിയുകയുള്ളൂ. അവ സമൂഹത്തിന്റെ സ്വത്താണ്. അവയുടെ സംരക്ഷണവും കാര്യക്ഷമമായ നടത്തിപ്പും സമൂഹത്തിന്റെ ബാധ്യതയാണ്. അവയുടെ നിലനില്പ് നമ്മുടെകൂടി നിലനിൽപ്പാണ്.

## വിട പറയുന്നേരം...

എൻ.ടി. കൃഷ്ണൻ



എന്റെ അധ്യാപനജീവിതം അവസാനിക്കുകയാണ്. 1986 മുതൽ ഈ വിദ്യാലയത്തിൽ അധ്യാപകനായും 2014 മുതൽ പ്രധാനാധ്യാപകനായും സേവനം ചെയ്തു. അധ്യാപനത്തോട് നീതിപുലർത്താൻ കഴിഞ്ഞു എന്ന് കൃതാർത്ഥതയുണ്ടെങ്കിലും വിദ്യാലയത്തെ ആധുനിക വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ പൂർണ്ണമായി കഴിഞ്ഞിട്ടില്ല എന്നും ഞാൻ തിരിച്ചറിയുന്നു. 34 വർഷത്തെ അധ്യാപന ജീവിതം ധന്യമാക്കുന്നതിന് എന്നെ പി ന്തുണച്ച സഹപ്രവർത്തകർ, രക്ഷിതാക്കൾ, പൂർവ്വ അധ്യാപകർ, നാട്ടുകാർ എന്നിവരെയെല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ നാ ടിന് അക്ഷരവെളിച്ചം നൽകിക്കൊണ്ടിരിക്കുന്ന ഈ 'സരസ്വതീ ക്ഷേത്രം' ഇനിയും ഉയരങ്ങളിലെത്തട്ടെ എന്നാശംസിക്കുന്നു.

വരും നാളുകളിലും നമ്മുടെ വിദ്യാലയത്തിന്റെ വളർച്ചയിൽ നിങ്ങളോടൊപ്പം ഞാനുമുണ്ടാവും.


## പത്രാധിപ സമിതി

വി.ഇ. കൃഷ്ണൻ നമ്പൂതിരി
കെ. വാസു
കെ. രതീഷ്കുമാർ
ശ്രീജിത്ത് കുന്നത്ത്
പ്രസാദ് എ.


*കുസൃതികുരുന്നുകൾ...... തുടർച്ച*

കൊണ്ടു ഗുണം''. ഈ വാക്യം ഉല്പാദിപ്പിക്കുന്ന ദർശനം മറ്റൊന്നല്ല. 1959ൽ കേരള വിദ്യാഭ്യാസ നിയമവും ചട്ടവും (കെ.ഇ.ആർ) നിലവിൽ വന്നു. അതിൽ കുട്ടികളെ ശാരീരികമായി ശിക്ഷിക്കാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. ഇത് പൂർണ്ണമായും പാലിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? വിലയിരുത്തണം. എന്നാൽ ശാരീരിക പീഡനത്തിന്റെ തോത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഒരവകാശമായാണ് ഈ പീഢനത്തെ അക്കാലത്ത് കണ്ടിരുന്നത് എന്നുവേണം കരുതാൻ. എല്ലാ വിദ്യാഭ്യാസ ദർശനങ്ങൾക്കും ശിശു മനശാസ്ത്രതത്വങ്ങൾക്കും വിരുദ്ധമാണ് ഈ പ്രവൃത്തി എന്നറിയുമ്പോഴും എന്തുകൊണ്ടാണ് നാം ഈ പ്രാകൃതമായ രീതിയെ പൂർണ്ണമായും തള്ളിപ്പറയാത്തത്.? ശ്രേഷ്ഠമായ ഗുരുശിഷ്യബന്ധത്തെയാണ് നാം പൗരാണികമായി അംഗീകരിക്കുന്നത്. സ്നേഹം, വാത്സല്യം, കരുണ തുടങ്ങിയ ഭാവമാണ് ഗുരുവിന് ശിഷ്യനോടുള്ളത്. ഓരോ കുട്ടിയുടെയും ആവശ്യങ്ങളും ആഗ്രഹങ്ങളും തിരിച്ചറിഞ്ഞ് അവന്റെ ശക്തി ദൗർബ്ബല്യങ്ങൾ കൂടി പരിഗണിച്ച് പഠനാനുഭവങ്ങൾ ഒരുക്കുന്ന ഒരിടമായാണ് ആധുനികകാലത്ത് വിദ്യാലയത്തെ നിർവ്വചിച്ചിട്ടുള്ളത്. സ്വതന്ത്രവും ജനാധിപത്യപരവുമായ അന്തരീക്ഷം ക്ലാസ്മുറിയിലും വിദ്യാലയത്തിലും ഉറപ്പാക്കേണ്ടത് അധ്യാപകന്റെ ചുമതലയാണ്. അതിന് ഭംഗം വരുമ്പോഴാണ് കുട്ടികൾ അസ്വസ്ഥരാകുന്നത്.

ചില വിദ്യാലയങ്ങളിലും വീടുകളിലും കുട്ടികൾ അധ്യാപകരെയും രക്ഷിതാക്കളെയും അനുസരിക്കുന്നില്ല എന്ന് പരാതിയുണ്ട്. അതിൽ ചില വാസ്തവവുമുണ്ട്.

എന്തുകൊണ്ടാണ് കുട്ടികൾ ചിലപ്പോഴെങ്കിലും അനുസരണയില്ലാതെ പെരുമാറുന്നത്?

ഇതിനുള്ള കാരണങ്ങൾ പലതാണ്.

കുട്ടി എന്ന നിലയിൽ അവന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേറ്റാൻ വിദ്യാലയം പൂർണ്ണമായും സജ്ജമല്ല.

പ്രവർത്തനങ്ങളിൽ അവസര തുല്യതയുടെ അഭാവം. എല്ലാവർക്കും വേണ്ടതരത്തിൽ അംഗീകാരം ലഭിക്കുന്നില്ല.

സവിശേഷ പ്രവർത്തനങ്ങളിലൂടെ കുട്ടിയിലുള്ള അപരിമേയമായ ഊർജ്ജം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

കുടുംബാംഗങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഉള്ള അഭിലഷണീയമല്ലാത്ത അനുഭവങ്ങൾ.

വ്യക്തിപരമായ ആരോഗ്യ (ശാരീരികം, മാനസികം) പ്രശ്നങ്ങൾ.

അനുകരണീയമായ മാതൃകകളുടെ അഭാവം. ഉള്ളവ തന്നെ തിരിച്ചറിയപ്പെടാത്ത അവസ്ഥ.

പൊതുപ്രശ്നങ്ങളിൽ ജനാധിപത്യപരമായ നിലപാടുകൾ എടുക്കുന്നതിന് സഹായകമായ സന്ദർഭങ്ങളുടെ അഭാവം.

ഇത്തരം നിരവധി പ്രശ്നങ്ങൾ കുട്ടികൾ നേരിടുന്നുണ്ട്. അവ തിരിച്ചറിഞ്ഞ് പരിഹാരം കാണുമ്പോഴാണ് നാം ലക്ഷ്യം വെക്കുന്ന മൂല്യബോധമുള്ള സമൂഹം രൂപപ്പെടുക. സർഗ്ഗധനരും ഉത്സാഹശീലരും ഭാവനാത്മകമായ മനസ്സിന്റെ ഉടമകളുമാണ് കുട്ടികൾ. നിഷ്കളങ്കരായ അവരെ സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷത്തിൽ സ്വാഭാവിക പഠനാനുഭവങ്ങൾ ഒരുക്കി അറിവിന്റെ ലോകത്തേക്ക് ആനയിക്കാൻ നമുക്ക് കഴിയണം. അതിനായി ഓരോ കുട്ടിയേയും വ്യക്തിഗതമായി അറിയണം. അവന്റെ ശക്തി ദൗർബല്യങ്ങൾ, സാധ്യതകൾ, കുടുംബാംഗങ്ങളെക്കുറിച്ച്, ജീവിത പരിസരത്തെക്കുറിച്ച് എല്ലാം അറിയണം. അപ്പോഴാണ് അവന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി മെച്ചപ്പെടുത്താൻ കഴിയുക. ആരോഗ്യ മാനസിക പ്രശ്നങ്ങളുള്ളവരെ തിരിച്ചറിഞ്ഞ് സഹായിക്കാനുമാവുക.

1930കളിൽ ഗാന്ധിയനായ ഗിജുഭായ് ബധേഗ ഇങ്ങനെയെഴുതി. ''നിങ്ങൾ സർവ്വശക്തനും എല്ലാ അറിവിനും ഉടമയും അല്ലെന്നിരിക്കെ കുട്ടികൾ വരുത്തുന്ന തെറ്റുകൾക്ക് ശിക്ഷ നൽകാൻ നമുക്കെന്തവകാശമാണുള്ളത്''എന്ന്. കുട്ടികളെ അറിയാനും സ്നേഹിക്കാനും പഠിക്കുകയാണ് അഭികാമ്യം.




# കുട്ടിസാഹിത്യം

## എന്റെ മുത്തശ്ശി



**നീനുമോൾ പി. 7 ബി**

കഥപറയാനായെന്നുടെ വീട്ടിൽ
ഉണ്ടേ നല്ലൊരു മുത്തശ്ശി
തൊട്ടുതലോടി പാട്ടുംപാടി
എന്നെയുറക്കും മുത്തശ്ശി
ഞാനുണരുമ്പോൾ ഉമ്മകൾ നൽകും
സ്നേഹം കൊണ്ടു പൊതിഞ്ഞീടും
മടിയിലിരുത്തി നാമം ചൊല്ലാൻ
മാടിവിളിക്കും മുത്തശ്ശി
എന്റെ മനസ്സിനുള്ളിലെ ദൈവം
സ്നേഹം ചൊരിയും മുത്തശ്ശി

## കുഞ്ഞിപ്പൂവ്



**കൃഷ്ണാനന്ദ് കെ.**

ഞാനൊരു കുഞ്ഞിപ്പൂവ്
വീട്ടിലെയുണ്ണിപ്പൂവ്
അച്ഛന്റെ കിങ്ങിണിപ്പൂവ്
അമ്മതൻ മന്ദാരപ്പൂവ്
കുത്തുന്ന മുള്ളില്ലെനിക്ക്
ചന്തവും ഗന്ധവും മാത്രം

## കേരളം



**ദേവനന്ദ 4**

കാടും കടലും കാട്ടാറും
കുന്നും മലയും വയലുകളും
തെയ്യം തിറയും
കഥകളിയും
ഒപ്പനവട്ടപ്പാട്ടുകളും
കേളിപെരുത്തോരെൻനാട്
കേരളമെന്നോരെൻനാട്

## നിറം മാറുന്നവർ

**സഹല ഫാത്തിമ 7**

കൊമ്പിലിരിക്കും തത്തമ്മക്ക്
ഉണ്ടേ പച്ചനിറം
കൊക്കര കൂവും
പൂങ്കോഴിക്കും
ഉണ്ട് ചുവപ്പ് നിറം
ചാടിനടക്കും തവളച്ചാരുടെ
ചന്തം മഞ്ഞനിറം
മീനിനെ റാഞ്ചും പൊന്മക്കെന്നും
കടലിൻ നീലനിറം
കാകാ കരയും കാകന്മാർക്ക്
മിനുത്ത കറുപ്പുനിറം
പല പല നിറമായ് മാറും നമ്മൾ
ക്കില്ലൊരു നല്ല നിറം
മാറാതുള്ള നിറം

## മാതൃസ്നേഹം

**അക്ഷയ പി. 5**



ഉയരത്തിലുള്ള മരക്കൊമ്പിലിരുന്ന് പരുന്തു തന്റെ കുഞ്ഞിനോട് പറഞ്ഞു. ഞാൻ പോയി എന്തെങ്കിലും ഇര കിട്ടുമോ എന്നുനോക്കട്ടെ. പരുന്ത് ആകാശത്തൂടെ വട്ടമിട്ട് പറന്നു. മരപ്പൊത്തിലിരുന്ന് പുറത്തേക്ക് തലയിട്ടുനോക്കുന്ന കുരുവിക്കുഞ്ഞുങ്ങളെ പരുന്തുകണ്ടു. പരുന്തിന്റെ കൂർത്ത നഖങ്ങളും കൊക്കുകളും കണ്ട് കുരുവിക്കുഞ്ഞുങ്ങൾ പേടിച്ചുവിറച്ചു. പരുന്ത് കുരുവിക്കൂടിനടുത്തെത്താറായപ്പോഴേക്കും കുരുവിക്കുഞ്ഞുങ്ങളുടെ അമ്മക്കുരുവി കൂടിനുള്ളിൽ നിന്ന് വന്നു, കുഞ്ഞുങ്ങളെ കൊത്താൻ വന്ന പരുന്തിനോട് പറഞ്ഞു. 'എന്നെ തിന്നോളൂ... എന്റെ കുഞ്ഞുങ്ങളെ വെറുതെ വിടൂ... അവർ കുറച്ചുകാലം ഈ ഭൂമിയിൽ പാറിനടക്കട്ടെ. എനിക്കാണെങ്കിൽ വയസ്സായി. എന്നെ തിന്നോളൂ..' പരുന്തിന്റെ മനസ്സലിഞ്ഞു. പരുന്ത് തന്റെ കുഞ്ഞുങ്ങളെ ഓർത്തു. "വേണ്ട ഞാനാരെയും തിന്നുന്നില്ല. എനിക്കും കുഞ്ഞുമക്കളുണ്ടല്ലോ."

## പാർക്കിൽ



**ദയകൃഷ്ണ കെ.**

അപ്പു അച്ഛനോട് പറഞ്ഞു. "അച്ഛാ നമുക്കിന്ന് പാർക്കിൽ പോകാം." "പോകാം" അച്ഛൻ സമ്മതിച്ചു. അപ്പു കുപ്പായവും, പാന്റും ഇടുന്നതിനിടയിൽ അച്ഛനോട് ചോദിച്ചു. "എനിക്കവിടെ കൂടെക്കളിക്കാനാരാ ഉണ്ടാവ്വാ? ആരെങ്കിലും ഒക്കെ ഉണ്ടാവും. ഇല്ലെങ്കിൽ അച്ഛനും അമ്മയും ഉണ്ടല്ലോ." അച്ഛൻ ചിരിച്ചുകൊണ്ട് പറഞ്ഞു. അതുമതി. അപ്പു സമ്മതിച്ചു. പാർക്കിലെത്തി. പരിചയമില്ലാത്ത കുറേ മുഖങ്ങൾ അവിടെയുണ്ട്. എല്ലാവരും അവരവരുടെ കളിയിൽ മുഴുകിയിരിക്കുകയാണ്. ഞാൻ ഒരു റൈഡിൽ കയറാൻ ഒരുങ്ങുമ്പോഴാണ് ഒരു കുട്ടിവന്ന് ചോദിച്ചത്. "എന്നെക്കൂടി കളിക്കാൻ കൂട്ടോ.." അപ്പു പറഞ്ഞു. "വരൂ നമുക്കൊരുമിച്ചു കളിക്കാം." കുറേനേരം കളിച്ചുകഴിഞ്ഞപ്പോൾ അപ്പു ചോദിച്ചു. "എന്താ പേര്? കിച്ചു. ആരാ നിന്റെ കൂടെയുള്ളത്. ആരുമില്ല. എവിടാ വീട്? ഇവിടെയൊക്കെത്തന്നെയാ. അപ്പു വാ നമുക്ക് പോകാം." അച്ഛൻ വിളിച്ചു. അപ്പു കിച്ചുവിനെയും കൂട്ടി. അപ്പു പറഞ്ഞു. നമുക്ക് കിച്ചുവിനെയും നമ്മുടെ വീട്ടിലേക്ക് കൂട്ടാം. അവനാരുമില്ലല്ലോ. കിച്ചുവിന്റെ കയ്യുംപിടിച്ച് അപ്പു കാറിനടുത്തേക്ക് നടന്നു. പിന്നിൽ നിശ്ശബ്ദരായി നടന്നുവരുന്ന അച്ഛന്റേയും അമ്മയുടെയും മനസ്സിൽ ഒരു കടലിരമ്പുന്നത് അപ്പു അറിയുന്നുണ്ടായിരുന്നില്ല.

## രാപ്പാടി



**അഭിരാമി എൻ.കെ. 6**

ആരോ പറയുന്ന കഥയിൽ ലയിച്ചിരുന്ന്
കരയുമ്പോഴും
ഉള്ളിനുള്ളിലെ ദുഃഖങ്ങൾ ഓർത്തെരിയുമ്പോഴും
ഞാനൊരു രാപ്പാടിയെപ്പോലെ ശോകഗാനങ്ങൾ പാടി
എന്റെ കൺനനയാത്ത ദിവസങ്ങളില്ല
പകലിന്റെ വെളിച്ചത്തെ എനിക്ക് ഭയമാണ്.
ഒന്നും കാണാനാവാത്ത ഇരുട്ടിൽ ഒരു
രാപ്പാടിയായി പാടുവാനാണെനിക്കിഷ്ടം

## സ്നേഹപൂർവ്വം അമ്മക്ക്

**ഗൗരി കൃഷ്ണ കെ. 6 എ**



മുഖം കാണും മുമ്പേ ശബ്ദം കേൾക്കും മുമ്പേ ആ കുഞ്ഞിനെ സ്നേഹിച്ച ഒരു ഹൃദയമുണ്ട്. അമ്മ. പുലരിയിൽ തഴുകിയ കൈകളും ഇരുളിൽ തലോടിയ കരങ്ങളും അമ്മയുടേതായിരുന്നു. എന്റെ കുറവുകൾ കണ്ട് എന്നെ സ്നേഹിച്ചത് എന്റെ അമ്മ. കുന്നോളം തെറ്റുകൾ ഉണ്ടായിട്ടും എന്നിലെ നന്മ കണ്ടെന്നെ പ്രണയിച്ച ഒരേ ഒരാൾ എന്റെ അമ്മ.

എന്റെയൊക്കെ കുരുത്തക്കേട് വെച്ചുനോക്കുമ്പോൾ സമാധാനത്തിനുനൊബേൽ സമ്മാനം കിട്ടാതെ പോയ മറ്റൊരു മദർ തെരേസ ആണ് എന്റെ അമ്മ. ഉള്ളെത്ര വിങ്ങിയാലും മങ്ങലേൽക്കാത്ത ചിരിയാണ് അമ്മയ്ക്കെന്നും. പരാതികളില്ല, പരിഭവങ്ങളില്ല. ഇത് ഒന്നുമില്ലാത്തവർക്ക് ഒറ്റ പേര് അമ്മ.

അമ്മയുടെ കയ്യിൽ നിന്ന് അടിവാങ്ങിയിട്ട് അമ്മയെത്തന്നെ വിളിച്ച് കരയുന്നത് പോലുള്ള അത്ഭുതം വേറെയില്ല. വീട് ഒരു നരകമായി തോന്നണമെങ്കിൽ അമ്മയ്ക്ക് ഒരാഴ്ച പനിപിടിച്ചാൽ മതി. അമ്മേ എന്ന് നീട്ടി വിളിക്കുന്നത് വരെ ഉണ്ടായിരുന്നുള്ളൂ അമ്മയോടുള്ള വഴക്കിന്റെ ആയുസ്സ്.

## പൂങ്കുയിൽ

**ദാനിയൽ മുഹമ്മദ് 4**

പൂങ്കുയിലേ പൊൻകുയിലേ
പാട്ടുകൾ പാടും എൻ കുയിലേ
കാറ്റിലാടും കൊമ്പിലിരുന്നിട്ടാ-
ടിപ്പാടും പൂങ്കുയിലേ
കൂട്ടിന്നാരും വന്നില്ലേ..
കൂടെപ്പാടാനാളില്ലേ..
എന്നെ കൂടെ കൂട്ടാമോ
പാട്ടുപഠിപ്പിച്ചീടാമോ?



## മഴമേളം



**മുഹമ്മദ് അദ്നാൻ കെ.എം. 4**

മഴ മഴ മഴ മഴ മഴ വന്നു
വയലിൽ വെള്ളം നിറയുന്നു.
മഴയുടെ പാട്ടിന് താളം കൊട്ടാൻ
പേക്രോം തവളകൾ വന്നെത്തി.
നീന്തിപ്പോകും നീളൻ മീനുകൾ
നൃത്തം ചെയ്തു രസിക്കുന്നു.
നല്ലൊരു പുള്ളിക്കുടയും ചൂടി
തുള്ളി നടക്കാറായല്ലോ.

## Father



**Diya Krishna M.E. III**

Your arms are my shelter
Assuring me that it will be better
Your hand is my comfort
Lifting me up when I fall short
Your voice makes me strong
Teaching me whats right and wrong
Your smile says it also
Father I love you more than all
I love you daddy

## അമ്പിളിയമ്മാവൻ

**ശ്രേയ 4 എ**

തല്ലാത്തൊരമ്മാവൻ
തടവുന്നൊരമ്മാവൻ
താമരപ്പൂപോലുള്ളമ്മാവൻ
ആകാശത്തമ്മാമ-
നാളുകൾക്കമ്മാമ-
നമ്പിളിയമ്മാവ-
നെന്നമ്മാമൻ



## അരങ്ങ്



**ഫാത്തിമ സന കെ.ടി. 6**

എന്തെന്തു ഭാവങ്ങളാണ് പ്രകൃതിക്ക്
പാട്ടുപാടുന്ന കുയിലുകളും
നൃത്തം വെക്കുന്ന മയിലുകളും
തുള്ളിയാർത്തുവരുന്ന അരുവികളും
ആഞ്ഞുവീശുന്ന കാറ്റുകളും
ശാന്തമായി ഒഴുകുന്ന നദികളും
തഴുകിത്തലോടുന്ന ഇളംകാറ്റും
ഒരു അരങ്ങിലെന്നപോലെ വിവിധ ഭാവങ്ങൾ

## നീയുറങ്ങൂ...



**അമൽ സി. 6**

പുന്നാരമോളെയുറങ്ങ്
എൻ മണിവാവയുറങ്ങ്
എൻ മാറിൽ ചാഞ്ഞുറങ്ങ്
എന്റെ പൊന്നുമുത്തേ നീയുറങ്ങ്
നിന്നെയുറക്കുവാനച്ഛൻ
അമ്മയായ് താരാട്ടുപാടാം
അമ്മയിന്നാകാശത്തെത്തി
നമ്മളെ നോക്കി ചിരിക്കും

## കടങ്കവിത



**ഹരിഗോവിന്ദ് എം.ഇ. 4**

മാവിൻ മുകളിൽ കേറുമിവൻ
മാമ്പഴമെല്ലാം തിന്നുമിവൻ
വാഴപ്പൂന്തേൻ നുകരുമിവൻ
വാലു കുലുക്കിപ്പാടുമിവൻ
തലകീഴായിട്ടോടുമിവൻ
തക്കിട തരികിട ചാടുമിവൻ
ആളാരാണെന്നറിയാമോ?
അറിയാമെങ്കിൽ പറയാമോ?

## പ്രഭാതം




**നജ ഫാത്തിമ 6**

ഉദയസൂര്യന് സ്വർണ്ണനിറമാണ്.
പ്രഭാതത്തിലെ കുളിർക്കാറ്റിന്
പൂക്കളുടെ സുഗന്ധം.
ഇലയിൽ വീണ മഞ്ഞുതുള്ളികൾക്ക്
മുത്തുകളുടെ തിളക്കം.
പക്ഷികളുടെ കൂവലിന്
സംഗീതത്തിന്റെ മാധുര്യം
തേൻകുടിക്കാനെത്തുന്ന പൂമ്പാറ്റകൾക്ക്
മഴവില്ലിന്റെ നിറച്ചാർത്ത്
നീണ്ട ഇരുട്ടിന് ശേഷം വരുന്ന
പ്രഭാതത്തിന് എന്തു ഭംഗിയാണ്.

# വിദ്യാലയ ഭാവി രൂപരേഖ





ദേവിക പി.എം. 6


അനന്യ കെ. 6

# കുഞ്ഞുങ്ങൾ വായനയിലേക്ക്



വ്യക്തിത്വ വികാസത്തിലും സ്വഭാവരൂപീകരണത്തിലും വിദ്യാലയത്തിന്റെ സ്വാധീനം തിരിച്ചറിഞ്ഞ വ്യക്തിയാണ് ശ്രീ. നെടിയാലക്കൽ രാമചന്ദ്രൻ നായർ. നമ്മുടെ വിദ്യാലയത്തിന്റെ പി.ടി.എ. പ്രസിഡണ്ടായി 3 വർഷം സേവനമുഷ്ഠിച്ച ഇദ്ദേഹം 15 വർഷത്തോളമായി എസ്.എസ്.ജി. (സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്) വൈസ് ചെയർമാൻ സ്ഥാനം അലങ്കരിക്കുന്നു. രാജ്യരക്ഷാരംഗത്ത് ഉന്നത ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ച അദ്ദേഹം നാട്ടിലെ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമാണ്. ഏതാണ്ട് ഒന്നര ലക്ഷത്തോളം രൂപ ചെലവിൽ വിദ്യാലയത്തിന് നിർമ്മിച്ചുനൽകിയ അക്ഷരം വായനശാല അദ്ദേഹത്തിന്റെ വിശാല മനസ്സിന്റേയും സേവന സന്നദ്ധതയുടെയും അടയാളമാണ്. ഇത് ഇനിവരുന്ന തലമുറക്ക് വിജ്ഞാനത്തിന്റെ വെളിച്ചമേകട്ടെ, സന്മനസ്സുകൾക്ക് പ്രചോദനമാകട്ടെ.

-പത്രാധിപ സമിതി-





















സാവിത്രി അന്തർജനം
മാനേജർ


ചന്ദ്രൻ കെ.
പി.ടി.എ. പ്രസിഡന്റ്


സ്മിത എസ്.
എം.പി.ടി.എ. പ്രസിഡന്റ്


എ. പ്രസാദ്
ചെയർമാൻ, സ്വാഗതസംഘം


രത്നകുമാരി ഇ.പി.
കൺവീനർ, സ്വാഗതസംഘം


പി.ടി.എ. കമ്മിറ്റിയോടൊപ്പം ഹെഡ്മാസ്റ്റർ

+1 +2
SCIENCE TUITION+ ENTRANCE

9 10
TUITION FOR ENG / MAL

CBSE
9 10
TUITION




The Right Path For Bright Future
An ISO 2008 : 2015 Certified Institute
EXCELLENT
COACHING CENTRE
NIT- KATTTANGAL

Mob: 7510 752 516
7510 753 516

ADMISSION STARTED ക്ലാസുകൾ ഏപ്രിൽ 1 മുതൽ

bazooka_graphics@9846753997